സാഹിത്യവാരഫലം

1991/01/27 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1991/01/27-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ജി. ശങ്കരക്കുറുപ്പ്

പച്ചനിറമാർന്ന സ്ഫടികമൂടുപടത്തിലൂടെതന്നെ നോക്കി പുഞ്ചിരിപൊഴിക്കുന്ന കൊച്ചുസുന്ദരി—വിദ്യുച്ഛക്തികൊണ്ടു കത്തുന്ന റ്റെയ്ബിൾ ലാംപ്—ചാരിത്രശാലിനിയാണെന്ന മഹാകവി ജി. ശങ്കരക്കുറുപ്പ് ഒരിക്കലെഴുതിയതായി എനിക്ക് ഓർമ്മയുണ്ട്. തൊട്ടാൽ, തൊടുന്നവനെ അവൾ ഭസ്മമാക്കിക്കളയും. നമുക്ക് ഉപകാരം ചെയ്യുന്ന, നമ്മളോടു സൗജന്യമാധുര്യം കാണിക്കുന്ന അചേതനവസ്തുക്കളോടും കരുതലോടെ വേണം നമ്മൾ പെരുമാറാൻ. വർഷങ്ങൾക്കുമുമ്പ് ഒരു വനമദ്ധ്യത്തിലൂടെ കാറിൽ സഞ്ചരിക്കുമ്പോൾ ഒരു ഭാഗത്തുള്ള അത്യഗാധതയിലേക്കു ഡ്രൈവർ നോക്കിയപ്പോൾ “ഡ്രൈവർ അങ്ങോട്ടുനോക്കരുത്. മുൻപോട്ടു മാത്രമേ നോക്കാവൂ” എന്ന് കാറിലുണ്ടായിരുന്ന ഒരാൾ നിർദ്ദേശിച്ചതു ഞാൻ കേട്ടു. ശരിയാണ്. നമ്മുടെ ഇച്ഛയ്ക്കനുസരിച്ച് കാറ് എങ്ങോട്ടു വേണമെങ്കിലും ഓടിക്കാം. പക്ഷേ, അതിനെ നിയന്ത്രിച്ചില്ലെങ്കിൽ മരണം സംഭവിക്കും. നമ്മൾ വാഹനത്തെ നിയന്ത്രിക്കുന്നതുപോലെ അതും നമ്മളോടു ആത്മനിയന്ത്രണം പാലിക്കാൻ ആവശ്യപ്പെടുന്നു. മൂകമായ ആ ഭാഷ ശ്രദ്ധിച്ചില്ലെങ്കിൽ നമ്മൾ പിന്നെ കാണില്ല ഈ ലോകത്ത്. സ്വിച്ച് ഇട്ടാൽ റ്റെയ്ബിൾ ഫാൻ കറങ്ങും. തെല്ലകലെയിരുന്നാൽ സുഖപ്രദമായ കാറ്റ് അതു പ്രദാനം ചെയ്യും. എന്നാൽ നനഞ്ഞ തലമുടി ഉണക്കാനായി അതിനു തൊട്ടടുത്ത് ഇരുന്നാൽ? അങ്ങനെ ഇരുന്ന എത്രയെത്ര സ്ത്രീകളെയാണ് അതു തലമുടിയിൽ പിടിച്ചുവലിച്ച് അകത്താക്കി കാലന്നുർക്ക് അയച്ചിട്ടുള്ളത്. അചേതനവസ്തുക്കളും നമ്മളെ ഭരിക്കുന്നു. പക്ഷേ, സാഹിത്യകൃതികളോടു നമുക്ക് എന്തുമാകാം. അവയെ പീഡിപ്പിക്കാം, ദണ്ഡിക്കാം. ഒരക്ഷരംപോലും അത് എതിർത്തു പറയുകയില്ല. തെളിവു വെണമെങ്കിൽ ശ്രീ. എം. പി. ശങ്കുണ്ണിനായർ എഴുതിയ “ഛത്രവും ചാമരവും” എന്ന പുസ്തകം വായിച്ചു നോക്കിയാൽ മതി. മനുഷ്യരെ നിമിഷംതോറും ഉന്മമിപ്പിച്ചുകൊണ്ടിരിക്കുന്ന കാളിദാസന്റെ മേഘസന്ദേശാദികാവ്യങ്ങളെയും അദ്ദേഹത്തിന്റെ മനോജ്ഞങ്ങളായ നാടകങ്ങളെയും ശങ്കുണ്ണിനായർ ഇടിക്കുന്നു. ചവിട്ടുന്നു. പീഡിപ്പിക്കുന്നു. ദണ്ഡിക്കുന്നു. ഹേമിക്കുന്നു. (വലിയ അർത്ഥവ്യത്യാസമില്ല ഈ ക്രിയാരൂപങ്ങൾക്ക്. ഞാനങ്ങ് എഴുതിയെന്നേയുള്ളൂ.) ഞാനിങ്ങനെ പറഞ്ഞതുകൊണ്ട് ഗ്രന്ഥകാരൻ കാളിദാസകവിതയെ കുറ്റം പറയുകയാണെന്ന കരുതരുത്. അദ്ദേഹം അതിനെ ലാളിക്കുകയും പ്രശംസിക്കുകയും നെഞ്ചോടു ചേർക്കുകയും തന്നെയാണ് ചെയ്യുന്നത്. പക്ഷേ, ചിലരുടെ ലാളിക്കലും പ്രശംസിക്കലും ക്രൂരമാകാറുണ്ടല്ലോ. കുഞ്ഞിനോടുള്ള സ്നേഹം കാണിക്കാൻ അതിനെയെടുത്തു പൊക്കിയെറിയുക; താഴോട്ടുവരുമ്പോൾ പിടിക്കുക ഇതൊക്കെ ചില സംസ്കാരരഹിതരുടെ പ്രവർത്തനങ്ങളാണല്ലോ. ചിലപ്പോൾ കൈപ്പിഴ സംഭവിച്ചാൽ കുഞ്ഞ് താഴെവന്നുവീണു ചിതറിമരിക്കും. സംസ്കാര സമ്പന്നരായി പകൽ സമയത്ത് ഇരിക്കുന്നവർ രാത്രികാലത്ത് കൈമെയ്മറന്ന് പ്രിയതമയെ നഖക്ഷതമേല്പിച്ചുകളയും. കടിച്ചുമുറിക്കുകയും ചെയ്യും. സ്നേഹമില്ലെന്നു പറയാമോ? വയ്യ. എങ്കിലും നൃശംസതയാണ് താനും. കടിക്കുന്ന പല്ലുകൾ സമമായിരിക്കണം, യുക്തപ്രമാണമായിരിക്കണം, ഛിദ്രരഹിതമായിരിക്കണം, തീക്ഷ്ണാഗ്രമായിരിക്കണം എന്നൊക്കെയാണ് വാത്സ്യായനമഹർഷി പറഞ്ഞത്. പക്ഷേ, മുറിഞ്ഞപാടുകൾ നോക്കിയിട്ട് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത് പരുഷങ്ങളും വിഷമങ്ങളും ആയ പല്ലുകൾകൊണ്ട് കാളിദാസകവിതയെ കടിച്ചു എന്നാണ്. (സമാഃസ്നിശ്ധച്ഛായാ... എന്നു തുടങ്ങുന്നതും കുണ്ടാ... എന്നാരംഭിക്കുന്നതും ആയ വാത്സ്യായനപ്രസ്താവങ്ങൾ നോക്കുക)

ഒരു പുസ്തകമെഴുതിപ്പോയതിന് ഇത്രവളരെ ശകാരിക്കേണ്ടതുണ്ടോ എന്ന് ചിലരെങ്കിലും ചോദിച്ചേക്കും. ആ ചോദ്യത്തിന് ഉത്തരമായി ഇതിലെ ചില ഭാഗങ്ങൾ കാണിക്കട്ടെ. ഇടക്കത്തിൽത്തന്നെ ശങ്കുണ്ണിനായർ പറയുന്നു: “താരണ്യം അപോഢമായപ്പോഴാകട്ടെ, ഭംഗികളാലും ഭാവസ്ഥിരങ്ങളായ പൂർവ്വസ്മൃതികളെ ഉണർത്തുന്നതിനാലും അവയ്ക്കു പ്രാധാന്യം സിദ്ധിച്ചു.” (പുറം 1) എന്താണ് അപോഢമെന്നു വായനക്കാർ ചോദിക്കുന്നുണ്ടാവും. നിഘണ്ടു കൈവശമുണ്ടെങ്കിൽ നോക്കിക്കൊള്ളുക. നോക്കിപ്പറയാൻ എന്റെ വീട്ടിൽ നിഘണ്ടുവില്ല. ആ വാക്യം ഒന്നുകൂടി നോക്കുക. സമുച്ചയം എങ്ങനെയിരിക്കുന്നു? “ഭംഗികളാലും ഉണർത്തുന്നതിനാലും” ഇങ്ങനെ വിഭിന്നരൂപങ്ങളെ സമുച്ചയിക്കാൻ സംസ്കൃതമറിയുന്നവർക്കല്ലേ കഴിയൂ.

ഇനി 201-ാം പുറമെടുത്താലും ഇതാ: “ദുഷ്യന്തൻ ശകുന്തളയെ ഓർക്കുന്നില്ല എന്നു മാത്രമല്ല, കണ്വാശ്രമത്തിൽ പഞ്ചനക്ഷത്രഹോട്ടലിലെന്നപോലെ നിവസിച്ചതിനെപ്പറ്റിയോ ഗൗതമി പ്രിയംവദാദികളെപ്പറ്റിയോ യാതൊന്നും ഓർക്കുന്നില്ല. എല്ലാം തന്നെ സ്ഥഗിതവും പിഹിതവുമായി. മറന്നതു ശകുന്തളയെ മാത്രമല്ല; കണ്വാശ്രമത്തിന്മേൽ അപ്പാടെ ഒരു മേചകധൂമിക വിണിരിക്കയാണ്. എന്നാൽ മുഴുത്ത ബ്ലേക്കൗട്ടല്ല.”

241-ാം പുറമെടുക്കാം. “ഇതിലെഴുതിയിരിക്കും മാമകേ നാമധേയേ പ്രതിദിനമൊരു വർണ്ണം വീതമായെണ്ണണം നീ” എന്നു ദുഷ്യന്തൻ ശകുന്തളയോടു പറഞ്ഞിട്ടു പോയതാണ സന്ദർഭം. ഗ്രന്ഥകാരൻ എഴുതുന്നു: “കിണ്ണം, കിണ്ടി, അത്താണി, സോഫ മുതലായതിന്മേലും പൊട്ടക്കഥാപുസ്തകങ്ങളുടെ ഉൾച്ചട്ടമേലും മറ്റു ലോലാക്ഷിവക, മണി എന്ന കുട്ടപ്പൻ വക എന്നിങ്ങനെ മൂഢാത്മാക്കൾ എഴുതിവയ്ക്കുന്നപോലെ, പാലത്തിന്മേൽ ചട്ടമ്പിരാഷ്ട്രീയക്കാരൻ ‘എക്സ്’ വക, പൊൻകോപ്പമേൽ ഉദ്യോഗസ്ഥനീചൻ ‘വൈ’ വക എന്നും മറ്റും അടയാളപ്പെടുത്തുന്നപോലെ, മോതിരത്തിൽ ദുഷ്യന്തന്റെ വക എന്നു കൊത്തിയിരുന്നു എന്നർത്ഥം.” എങ്ങനെയിരിക്കുന്നു?

Rudyard Kipling എന്ന പടിഞ്ഞാറൻ സാഹിത്യകാരനെ ഒരു കപിലിംഗൻ എന്നാണ് ശങ്കുണ്ണിനായർ വിളിക്കുന്നത്. (പുറം 246) ശങ്കുണ്ണിനായരുടേയും നമ്മുടെയും ഭാഗ്യം. കിപ്ളിങ്ങ് 1936-ൽ മരിച്ചുപോയി. ഇല്ലെങ്കിൽ എന്റെ ലിംഗം കപിയുടേതു പോലാണോ എന്നു സായ്പ് ഇവിടെ വന്നു ചോദിച്ചേനേ.

ശിഖണ്ഡി പ്രായമായ ഈ ശൈലിയെ വിട്ടിട്ട് ആശയസാമ്രാജ്യത്തിലേക്കു പോയാലോ? കാളിദാസകവിതയിലേക്കു വെളിച്ചം വീഴുന്ന ഒന്നും എനിക്കു കാണാൻ കഴിഞ്ഞില്ല. കാമാർത്തന്മാർ ചിലപ്പോൾ പ്രണയിനിയെ കടിക്കുന്നതു വരാഹം കടിക്കുന്നതുപോലെയാണെന്നു വാത്സ്യായനൻ പറഞ്ഞിട്ടുണ്ട്. കാളിദാസന്റെ സുന്ദരിയായ കവിതാംഗനയുടെ മൃദുലമായ കവിൾത്തടത്തിൽ ഏല്പിച്ച വരാഹദംശനമാണ് ഈ ഗ്രന്ഥം. ഇതിനു സാഹിത്യ അക്കാദമിയുടെ സമ്മാനം ലഭിച്ചതിൽ എനിക്കത്ഭുതമില്ല. പക്ഷേ, ഉത്കൃഷ്ടങ്ങളായ ഗ്രന്ഥങ്ങൾ മാത്രം പ്രസാധനം ചെയ്യുന്ന മാതൃഭൂമി പ്രസാധകർ ഇത് അച്ചടിച്ചു വിട്ടതിൽ എനിക്കു വലിയ അദ്ഭുതമുണ്ട്.

കല ഏത്?

അനൈസ് നിൻ

ഏതാണ്ട് ഇരുപത്തഞ്ചുകൊല്ലം മുൻപ് അനൈസ് നിനിന്റെ അശ്ലീലരചനകൾ—Delta of Venus, Little Birds—എന്തൊരു ആർത്തിയോടെയാണ ഞാൻ ഉറക്കമിളച്ചിരുന്നു വായിച്ചത്. ഇന്ന് അവ വീണ്ടുമെടുത്തു വായിക്കുമ്പോൾ എനിക്കു വല്ലാത്ത മട്ടുപ്പ് ഉണ്ടാകുന്നു. ഒരു പ്രായത്തിലേ അശ്ലീലരചന വായനക്കാരനെ ആഹ്ലാദിപ്പിക്കൂ. അതുപോലെയാണ സ്ത്രീയുടെ ലൈംഗികാകർഷകത്വവും. ഒരു പ്രായം കഴിഞ്ഞാൽ പുരുഷന് അതു ഉദ്ദീപകമാവുകയില്ല. വള്ളത്തോളിന്റെ ‘വിലാസലതിക’യെ ഞാനിന്നു ദൂരെയെറിയുന്നു. പഠിക്കുന്നകാലത്ത് അതു നെഞ്ചിലമർത്തി കിടന്നിട്ടുണ്ട് ഞാൻ. സാഹിത്യസൃഷ്ടികളുടെ പാരായണവും ഇതിനു സദൃശമത്രേ. യൗവനകാലത്തെന്നപോലെ ചങ്ങമ്പുഴക്കവിത ഇന്നു ആഹ്ലാദദായകമല്ല എനിക്ക്. അല്ലെങ്കിൽ കാമാവിഷ്കാരത്തെയും സൗന്ദര്യം ആവരണം ചെയ്തിരിക്കും. ഇന്നു ‘രമണൻ’ വായിക്കാതെ ഞാൻ ‘പ്രരോദനം’ വായിക്കുന്നു.

പ്രായം വരുത്തിയ ഈ പരിപാകമാണോ ശ്രീ. പാങ്ങിൽ ഭാസ്കരൻ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ “ചൗക്കിദാർ” എന്ന കഥയെ അഗണ്യകോടിയിൽ തള്ളാൻ എന്നെ പ്രേരിപ്പിക്കുന്നത്? ബ്യൂറോക്രസിയുടെ ക്രൂരതയെ ‘പശ്ചാത്തല’മാക്കിക്കൊണ്ട് ഒരു പാവത്തിന്റെ കഥ പറയുന്നു ഭാസ്കരൻ. അയാൾ ആദ്യമായി ചൗക്കിദാർ ജോലിയിൽ പ്രവേശിക്കുന്നു. അന്നു തന്നെ അയാൾക്കു വേണ്ടപ്പെട്ട ഒരു കുഞ്ഞു പാമ്പുകടിയേറ്റു മരിച്ചെന്നു ടെലിഫോണിൽക്കൂടി അറിയുന്നു. ഉദ്യോഗസ്ഥ മേധാവിത്വം അയാളെ അവിടെ നിന്നുവിടില്ല. അങ്ങനെ തകർന്നു നില്ക്കുന്ന പുതിയ ചൗക്കിദാർ. വായനക്കാരന്റെ കണ്ണീർ കരുതിക്കൂട്ടി ചാടിക്കണമെന്ന ലക്ഷ്യത്തോടുകൂടി രചിക്കപ്പെട്ടതും അതിഭാവുകത്വത്തോളം എത്തിനില്ക്കുന്നതുമായ ഇക്കഥയുടെ സർവസാധാരണത്വമാകാം എന്നെ ആഹ്ലാദരാഹിത്യത്തിലേക്ക് എത്തിച്ചത്. അതല്ല, സർവസാധാരണത്വം ആഹ്ലാദദായകമാകണമെന്നുണ്ടെങ്കിൽ രചയിതാവ് ജന്മനാ കലാകാരനായിരിക്കണം.


Raymond Carver

‘ഗ്രെയ്റ്റ് റൈറ്റർ’ എന്നു നിരൂപകരാൽ വാഴ്ത്തപ്പെടുന്ന കാർവർ (Raymond Carver, 1938–1988) ‘ലെമണേഡ്’ എന്നൊരു ഗദ്യകവിത എഴുതിയിട്ടുണ്ട്. (A New Path To The Waterfall, Last Poems, Collins Harvill—1990, £5=95, Lemonade 141-ാം പുറത്ത്) ബുക്ക് കെയ്സുകൾ നിർമ്മിക്കാനായി ചുവരുകളുടെ അളവെടുക്കാൻ ജിം എന്റെ വീട്ടിൽ വന്നപ്പോൾ അയാളുടെ ഒരേയൊരു കുഞ്ഞ് വെള്ളം പൊങ്ങിയ നദിയിൽ വീണു മരിക്കുമെന്നു ഞാനറിഞ്ഞതേയില്ല. ആറുമാസത്തിനുശേഷം ബുക്ക്കെയ്സുകൾ ജിമ്മിന്റെ അച്ഛൻ കൊണ്ടുവന്നു. മകനു വേണ്ടി അച്ഛൻ എന്റെ വീട്ട് ചായമടിക്കാൻ തയ്യാറായി. “ജിം എങ്ങനെ”യെന്നു ഞാൻ ചോദിച്ചപ്പോൾ കഴിഞ്ഞ വസന്തത്തിൽ മകൻ നഷ്ടപ്പെട്ടുപോയ അവന്റെ ദുഃഖത്തിൽ നിന്ന കരയേറാൻ കഴിഞ്ഞിട്ടില്ലെന്നാണ് അയാൾ പറഞ്ഞത്. ചെറിയതോതിൽ മാനസികഭ്രംശവും അവന് ഉണ്ടെന്നു തോന്നുന്നു. ഈശ്വരൻ ഓമനത്തമുള്ളവയെയാണ് കൊണ്ടുപോകുന്നത് അല്ലേ? ജിമ്മിന്റെ ഭാര്യ അയാളെ പതിമൂന്നു വിദേശരാജ്യങ്ങളിൽ കൊണ്ടുപോയി നോക്കി. പാർക്കിൻസൺ രോഗവുമായിട്ടാണ് അയാൾ തിരിച്ചെത്തിയത്.”

ലെമണേഡ് ഉണ്ടാക്കാൻ ലെമൺ വാങ്ങാനാണ് ജിം മകനെ അയച്ചത്. അവൻ നദിയിൽ വീണു മരിക്കുകയും ചെയ്തു. ഇനി മകന്റെ മൃതദേഹം നദിയിൽ നിന്നു പൊക്കിയെടുക്കുന്നത് അച്ഛൻ മനക്കണ്ണുകൊണ്ടു കാണുന്നതിന്റെ വർണ്ണനമാണ്. തർജ്ജമ കലാഹിംസയാകുമെന്നതുകൊണ്ട് ഇംഗ്ലീഷിൽത്തന്നെ അതിവിടെ കൊടുക്കട്ടെ.

> “His arms are stretched out from his sides, and drops of water fly out from him. He passes overhead once more, closer now, and then returns a minute later to be deposited, ever so gently down, directly at the feet of his father. A man who, having seen everthing now-his dead son rise from the river in the grip of metal pinchers and turn and turn in circles flying above the tree line-would like nothing more now than just to die.”

ആവിഷ്കരണശക്തികൊണ്ട് ഒരു കുട്ടിയുടെ മരണം ഗ്രീക്ക് ട്രാജഡിയുടെ മഹത്ത്വം ആവഹിക്കുന്നു. (പാങ്ങിൽ ഭാസ്കരൻ കാർവറുടെ പ്രതിഭയില്ലെന്നല്ല ഞാൻ പറയുന്നത്. കലയേത് കലയല്ലാത്തതേത് എന്ന വ്യക്തമാക്കുകയാണ്.)

ചോദ്യം, ഉത്തരം

ചോദ്യം: പണത്തിനുവേണ്ടിയല്ലേ നിങ്ങൾ ഇങ്ങനെ എഴുതുന്നത്?

ഉത്തരം: ഞാൻ എഴുതുന്നതിൽ വിശ്വസിക്കുന്നില്ല. പണം ആവശ്യമുള്ളപ്പോൾ മാത്രമേ ഞാൻ എഴുതാറുള്ളു.

ചോദ്യം: നിങ്ങൾ ബ്യൂട്ടിപാർലറിൽ പോകാത്തതെന്ത്?

ഉത്തരം: കാലം വരുത്തുന്ന മാറ്റങ്ങൾക്ക് ഒരു ബ്യൂട്ടിപാർലറിനും ഒന്നും ചെയ്യാനാവില്ല. പുരുഷന്മാരെക്കാൾ സ്ത്രീകളാണ് ഇതു കൂടുതൽ മനസ്സിലാക്കേണ്ടത്.

ചോദ്യം: തനിക്ക് എങ്ങനെ മരിക്കണം? നക്സലൈറ്റുകൾ കഴുത്തറുത്തു ചാകണോ? സാഹിത്യകാരന്മാർ തല്ലിക്കൊല്ലണോ? അതോ തീവണ്ടിയുടെ മുൻപിൽ ചാടിമരിക്കണോ?

ഉത്തരം: എനിക്കു ഒരു രാഷ്ട്രീയ ചിന്തയുമില്ല. അതുകൊണ്ടു വിപ്ലവകാരികൾക്ക് എന്നോടു ശത്രുതയില്ല. സാഹിത്യസൃഷ്ടികളുടെ നന്മതിന്മകൾ മാത്രം എടുത്തുകാണിക്കുന്ന എന്നോട് സാഹിത്യകാരന്മാർക്കു വിരോധമുണ്ടാകേണ്ടതില്ല. ആത്മഹത്യ ചെയ്യത്തക്കവിധത്തിൽ ഇന്നവരെ ഒരു ദൗർഭാഗ്യവും എനിക്ക് ഉണ്ടായിട്ടില്ല. പിന്നെ ഭൂരിപക്ഷമാളുകളും മരിക്കുന്നതു ഡോക്ടറുടെ സഹായത്തോടെയാണ്. ഏതെങ്കിലുമൊരു ഡോക്ടറുടെ സഹായത്തോടെ മരിക്കാനാണ് എനിക്കു താൽപ്പര്യം.

ചോദ്യം: നിങ്ങൾ The Joy of Sex പുസ്തകം വായിച്ചിട്ടുണ്ടോ? എന്താണ് അഭിപ്രായം?

ഉത്തരം: അഞ്ഞൂറുരൂപയാണ് അതിന്റെ വില. എങ്കിലും വായിച്ചു. ഇത്തരം പുസ്തകങ്ങൾ ആളുകളെ ഇളക്കാനുള്ളവയാണ്. അവയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ടെക്നിക്കുകളും പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നാൽ ഗ്രന്ഥപാരായണം കൊണ്ടുണ്ടാകുന്ന ആഹ്ലാദം അതിൽ നിന്നു ജനിക്കില്ല. പാരായണം വികാരമിളക്കി വിടും. യാഥാർത്ഥ്യത്തിന് അത്രത്തോളം വികാരമിളക്കി വിടാനുള്ള ശക്തിയില്ല. സത്യമറിയാൻ വേണ്ടി ഒരു സെക്സ് ബുക്കും വായിക്കേണ്ടതില്ല.

ചോദ്യം: ശകുന്തള പോയപ്പോൾ കണ്വൻ അത്രയ്ക്കു വിഷാദിച്ചത് വെറും സെന്റിമെന്റലിസമല്ലേ?

ഉത്തരം: കണ്വന്റെ ആശ്രമത്തിൽ എത്ര മുറികൾ ഉണ്ടായിരുന്നെന്ന് എനിക്കറിഞ്ഞുകൂടാ. ശകുന്തള പോയപ്പോൾ ഒരു മുറികൂടി മരുമിവയ്ക്കാൻ കിട്ടിയല്ലോ എന്നു വിചാരിച്ച് അദ്ദേഹം ആഹ്ലാദിച്ചിരിക്കും. ഇക്കാലത്ത് ഒരു പെണ്ണു വിവാഹം കഴിഞ്ഞു ഭർത്താവിനോടൊത്തു പോകുമ്പോൾ തന്ത വിചാരിക്കും ഭാഗ്യം. ഒരു മണിക്കൂർ നേരത്തെ ടെലിഫോൺ സംഭാഷണം ഇനി ഉണ്ടാവില്ല. ശേഷമുള്ള പെൺപിള്ളേരെക്കൂടി അയച്ചാൽ ടെലിഫോണിനു കംപ്ലീറ്റ് റെസ്റ്റ്. കണ്വന്റെ കാലത്തു ടെലിഫോൺ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം വിചാരിക്കും ‘ഭാഗ്യം. ശകുന്തള ഒരു മണിക്കൂർ നേരം ടെലിഫോണിൽ സംസാരിക്കുന്നത് അവസാനിച്ചു. ഇനി പ്രിയംവദയെയും അനസൂയയെയുംകൂടി പറഞ്ഞയയ്ക്കണം. അപ്പോൾ ആകെ രണ്ടുമണിക്കൂർ സംഭാഷണം ലാഭിക്കാം.

നിശ്ശബ്ദത

പി. കുഞ്ഞിരാമൻ നായർ

പി. കുഞ്ഞിരാമൻ നായരുടെ ‘മലനാടൻ മങ്കമാർ’ എന്ന കാവ്യം ഓർമ്മയില്ലേ? ക്ഷേത്രത്തിന്റെ മുൻപിൽ ഇടിഞ്ഞുപൊളിഞ്ഞ ഉണ്ണകളിൽ രണ്ട് അദ്ഭുത സ്ത്രീരൂപങ്ങൾ. അവരോടു കവി ചോദിച്ചു: അമ്പൽപ്പൂ പൂത്തുനില്ക്കുന്ന പാടവും പറമ്പും കടന്ന നിങ്ങൾ ഭജനത്തിനു വന്നവരാണോ? അവർ പിറന്നതിനശേഷം ആഴിയിൽ എത്രകോടി നീർക്കുമിള നീറടിഞ്ഞു? നിലവാനിലെത്ര കന്നിപ്പനിലാക്കളികഴിഞ്ഞു? തേരുറന്ന പൂക്കൾ എത്രയെണ്ണം മൺമറഞ്ഞു? ഇത്രയും കാലം നൃത്തമാടി കാൽകഴച്ചു നില്ക്കുകയാണോ? ഇത്രയും കാലം പാട്ടുപാടി മെയ്തളർന്നു നില്ക്കുകയാണോ? കവിയുടെ ഈ ചോദ്യങ്ങൾക്കു മറുപടി നിശ്ശബ്ദത മാത്രം. അതു പ്രകൃതിയുടെ നിശ്ശബ്ദതയല്ലേ? അലക്സാണ്ടർ ശബ്ദിച്ചു. നെപ്പോളിയൻ ശബ്ദിച്ചു. ഹിറ്റ്ലർ ശബ്ദിച്ചു. പ്രകൃതി അവരെ മണ്ടന്മാരായിക്കണ്ടു നിശ്ശബ്ദയായിനിന്നു. പ്രകൃതിയുടെ അജ്ഞാതവും അജ്ഞേയവുമായ ഈ നിശ്ശബ്ദതയാണ് സാഹിത്യത്തിനു ജീവൻ നല്കുന്നത്. മുഖരമായ അന്തരീക്ഷത്തിൽ ഈഡിപ്പസ് രാജാവ് വിഹരിച്ചു. ഒടുവിൽ അയാൾ കണ്ണുകൾ കുത്തിപ്പൊട്ടിച്ച് അപ്രത്യക്ഷനായി. അപ്പോൾ അവിടെ പരന്ന നിശ്ശബ്ദതയാണ് യഥാർത്ഥത്തിൽ സത്യമെന്തെന്ന് ഉദ്ഘോഷിച്ചത്. വേലുത്തമ്പി മണ്ണടിക്ഷേത്രത്തിൽ വീണകഴിഞ്ഞതിനശേഷം എല്ലാം നിശ്ശബ്ദം. പക്ഷേ, ആ നിശ്ശബ്ദതയാണ് സത്യമെന്തെന്ന വിളംബരം ചെയ്യുത്. The rest is silence എന്നു കവി പറഞ്ഞതും ഇതുദ്ദേശിച്ചാണ്.

വി. ആർ. സുധീഷ്

നിശ്ശബ്ദതയാണ് ശ്രീ. വി. ആർ. സുധീഷിന്റെ “കളിമൺ പ്രതിമ”കളുടെ മുദ്ര. പെറ്റിട്ടകുഞ്ഞിനെ ഉപേക്ഷിച്ചിട്ട് അതിന്റെ അമ്മ അപ്രത്യക്ഷയായി. ആരോ രണ്ടുപേർ അവനെയെടുത്തു വളർത്തി. അവന്റെ ഭൂതകാലം നിശ്ശബ്ദം. അവൻ സഹായിക്കുന്ന സ്റ്റേഷൻമാസ്റ്ററെ കാണാൻ ഒരു സ്ത്രീ എല്ലാ ശനിയാഴ്ചയും എത്തുന്നു. അവളെന്തിനു വരുന്നു? അറിഞ്ഞുകൂടാ. നിശ്ശബ്ദത തന്നെ അവിടെയും. തീവണ്ടിയിൽ സഞ്ചരിക്കുന്ന വേറൊരു സ്ത്രീ അവനെ ഉറ്റുനോക്കുന്നു. അമ്മയാണോ അവൾ എന്ന് അവനു സംശയം. അതു പരിഹരിക്കാൻ അവൾ സംസാരിക്കേണ്ടേ? അതുണ്ടാകുന്നില്ല. ശനിയാഴ്ച എത്തിക്കൊണ്ടിരുന്ന സ്ത്രീ ഒരു ദിവസം അപ്രത്യക്ഷയായി. രണ്ടുപേരും നിശ്ശബ്ദതയുടെ പ്രതീകങ്ങൾ. ശനിയാഴ്ചതോറും വന്നുകൊണ്ടിരുന്ന സ്ത്രീ അവനോടു യാത്രപറഞ്ഞുപോകുമ്പോൾ തീവണ്ടിയിലിരുന്ന് ആരോ അവന്റെ നേർക്കു കൈകൾ വീശി. അവ അവളുടെ കൈകളോ അതോ മറ്റാരുടേതെങ്കിലുമോ? ആവോ. എങ്ങും നിശ്ശബ്ദത. അവൻ അതിന്റെ സാന്ദ്രത വർദ്ധിപ്പിച്ചുകൊണ്ട് അനാഥനായി നില്ക്കുമ്പോൾ കഥ പര്യവസാനത്തിൽ എത്തുന്നു. ഈ മൂകതയിൽ നിന്നു പലതും ഗ്രഹിക്കുന്നു എന്നതാണ് ഇക്കഥയുടെ സവിശേഷത. പ്രകൃതിയുടെ വലിയ നിശ്ശബ്ദതയുടെ സൂക്ഷ്മസ്വഭാവമാർന്നു നില്ക്കുന്നു കഥയിലെ നിശ്ശബ്ദത. എനിക്കിഷ്ടമായി സുധീഷിന്റെ ഇക്കഥ.

Boris Chichibabin

ഇത്രയും എഴുതിക്കഴിഞ്ഞ് ആലസ്യത്തോടെ Soviet Literature (1990) എന്ന മാസിക തുറന്നു നോക്കിയപ്പോൾ കാർകോഫിൽ താമസിക്കുന്ന യുക്രേനിയൻ കവി Boris Chichibabin എഴുതിയ ഒരു മനോഹരമായ കവിത കണ്ടു. അതും നിശ്ശബ്ദതയെ വാഴ്ത്തുന്നു.

> I would have gone
> away, not arguing
> with any one
> so as rather than listening to drunken talk
> to sit by the shore
> with a wire book and
> hug you.
> so that the trees would
> rear up and rustle
> and the stream sing
> joyfully to its echo,
> and Tolstoy and Dickens would whisper together
> like brothers with
> plenty of time
> I am not seeking to
> take part in any way,
> I need nothing from
> the stars,
> I just ask fate for a little while
> for some silence and
> harmony.

വന്നുകയറുന്നയാൾ

അന്യോന്യം സ്നേഹിക്കുന്നവർ ഒരുമിച്ചിരുന്നു വർത്തമാനം പറഞ്ഞിരിക്കുമ്പോൾ അവർക്ക് ഇഷ്ടമില്ലാത്ത ഒരാൾ അവിടേക്കു കയറിവന്ന് അവരുടെ ഇടയിൽ ഇരുപ്പുറപ്പിച്ച് വാതോരാതെ സംസാരിച്ചാൽ എന്തു തോന്നും സ്നേഹിതന്മാർക്ക്? ‘നാശം വന്നു കയറിയിരിക്കുന്നു’ എന്ന് അവർ മനസ്സിൽ പറയും. ഇയാൾ ഇറങ്ങിപ്പോയെങ്കിൽ എന്ന് ഓരോ ആളും ആഗ്രഹിക്കുകയും ചെയ്യും. പക്ഷേ, വന്നുകയറുന്നവൻ അതു മനസ്സിലാക്കിയാലും പോവുകയില്ല. അവരുടെ അന്യോന്യബന്ധത്തിൽ അയാൾ വിഷംകലക്കി അവിടെത്തന്നെയിരിക്കും. സായാഹ്നത്തിലാണ് സുഹൃത്തുക്കൾ ഒരുമിച്ചുകൂടിയതെന്നു വിചാരിക്കൂ. ആ സായാഹ്നം മാത്രമല്ല അയാൾ ഇല്ലാതാക്കുന്നത്. അന്നത്തെ അവരുടെ ഉറക്കവും അയാൾ നശിപ്പിക്കും. എനിക്ക് ഇത്തരം അനുഭവങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. നിത്യജീവിതത്തിൽ മാത്രമല്ല സാഹിത്യത്തിലും നല്ല കഥകളും നല്ല കവിതകളും ഇംഗ്ലീഷ് പുസ്തകങ്ങളിൽ കണ്ട് വായിച്ച് രസിച്ചിരിക്കുമ്പോൾ ഈ “ജ്യോത്സ്യം” എഴുതാൻ വേണ്ടി കെ. കവിത കങ്കമം വാരികയിൽ എഴുതിയ ‘കട്ട്യോളല്ലേ?’ എന്ന കഥ വായിക്കാൻ നിർബന്ധനാവുക. അതിനെക്കാൾ പീഡ ജനിപ്പിക്കുന്ന വേറൊരനുഭവമില്ല. കുട്ടികൾ പന്തുകളിച്ച് പച്ചക്കറിത്തടം നശിപ്പിക്കുന്നു. മാവിലെറിഞ്ഞ് ഉണ്ണിമാങ്ങകൾ വീഴ്ത്തുന്നു. മുത്തശ്ശിക്ക് അതു കണ്ട് അരിശവും ദുഃഖവും. പിള്ളേർ എറിഞ്ഞു വീഴ്ത്തുന്ന തേങ്ങ വാങ്ങിക്കുന്ന ഒരുത്തനെ പൊലീസ് പിടികൂടുമ്പോൾ കഥ തീരുന്നു. വായനക്കാരന്റെയും ‘കഥ തീരുന്നു’. വായിൽ വരുന്നതെല്ലാം കോതയ്ക്കു പാട്ട് എന്ന മട്ടിൽ തോന്നുന്നതൊക്കെ എഴുതിവച്ചാൽ അതു കഥയാകുമോ? വളരെക്കാലമായി കെ. കവിത അർഹതയില്ലാത്തിടത്ത് ചെന്നു കയറി മനുഷ്യരെ ഉപദ്രവിക്കുന്നു. അതു നിറുത്തണമെന്നു പറയാൻ എനിക്ക് അധികാരമില്ല. അധികാരമുള്ളത് ഏതു കാര്യത്തിലാണോ അത് ഞാൻ സുസ്പഷ്ടമാക്കിക്കഴിഞ്ഞു. ഇനിയുള്ളതു കെ. കവിതയുടെ ഇഷ്ടംപോലെ. എന്തായാലും ഞാൻ ഇനി കവിതയുടെ കഥയെക്കുറിച്ച് അഭിപ്രായം പറയുകയില്ല. സ്നേഹിതന്മാരുടെയിടയിൽ വന്നു കയറുന്നവനോടു ഇറങ്ങിപ്പോകൂ എന്ന ആജ്ഞാപിക്കുന്നതു സംസ്കാരരാഹിത്യമായിരിക്കുമല്ലോ.

വിജ്ഞാനശകലങ്ങൾ

1. ഹൃദയം ഒരു കൊച്ചു പമ്പാണ്. അത് അനവരതം രക്തം പമ്പു ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, ചിലരെസംബന്ധിച്ചിടത്തോളം അതു സൗന്ദര്യത്തിന്റെ ഇരിപ്പിടമാണ്. ആ മാംസപേശിയുടെ സഹായത്തോടെയാണ് രാജാരവിവർമ്മ ശകുന്തളയെ വരച്ചത്. യേശുദാസന്റെ ഗാനനിർത്ധരി അവിടെനിന്നാണ് ഒഴുകുന്നത്. മാർകേസിന്റെ മനോഹരങ്ങളായ നോവലുകളുടെ പ്രഭവസ്ഥാനം അതുതന്നെയാണ്.

   വിശ്വവിഖ്യാതനായ ഫ്രഞ്ച് ഡോക്ടർ അലക്സി കറൽ, (Alexis Carrel, 1873–1944) Man the unknown എന്ന ഉജ്ജ്വലമായ ഗ്രന്ഥമെഴുതിയ അലക്സി കറൽ കൃത്രിമ ഹൃദയമുണ്ടാക്കി പ്രവർത്തിപ്പിച്ചു. പക്ഷേ, നാത്സികളോടു ചേർന്നു തനിക്കു ഹൃദയമില്ലു, രക്താശയമേയുള്ളൂ എന്ന് അദ്ദേഹം തെളിയിച്ചു.

   കവികൾ എന്നോടു പിണങ്ങരുത്. ഞാൻ എല്ലാവരെയും ലക്ഷ്യമാക്കിപ്പറയുകയല്ല. ചിലരെക്കുറിച്ചുമാത്രം എഴുതുകയാണ്. നമ്മുടെ ചില കവികൾക്കു ഹൃദയമില്ല, രക്താശയമേയുള്ളൂ. അതുകൊണ്ടു ദൂരെനിന്ന് അവരുടെ കവിത ആസ്വദിച്ചാൽ മതി. ആരാധനയുമായി അടുത്തു ചെന്നാൽ കറൽ നിർമ്മിച്ച കൃത്രിമ ഹൃദയം കാണേണ്ടതായിവരും. അല്ലെങ്കിൽ അവരുടേതു രക്താശയമാണ് എന്ന ഗ്രഹിക്കേണ്ടതായിവരും.

2. പത്രത്തിൽ കണ്ടതാണ്. അതോ പുസ്തകത്തിൽ കണ്ടതോ. അർശസ്സിനുള്ള ഒരു മരുന്ന്. അമേരിക്കയിലെ ഒരു പ്രസ്റ്റൻ അതുപയോഗിച്ച് അർശസ്സ് ഇല്ലാതാക്കിയപ്പോൾ കമ്പനിക്കാർ അദ്ദേഹത്തിന്റെ പ്രസ്താവനയോടുകൂടി ധാരാളം പരസ്യങ്ങൾ പത്രത്തിൽ കൊടുത്തു. മരുന്നിന്റെ പ്രചാരംകൂടി. ചില മധ്യവയസ്കകൾ അതു മുഖത്തെ ചുളിവുകളിൽ തേച്ചുനോക്കി. അദ്ഭുതാവഹം ചുളിവുകൾ അപ്രത്യക്ഷങ്ങളായി കഴമ്പിന്റെ പ്രചാരം പിന്നെയും കൂടി. ഒരു ശാസ്ത്രജ്ഞൻ ഇതിനെസംബന്ധിച്ചു ഗവേഷണങ്ങൾ നടത്തി സത്യം കണ്ടുപിടിച്ചു. മരുന്നു മുഖത്തു തേക്കുമ്പോൾ ചുളിവുകൾ ഇല്ലാതെയാവുകയല്ല. അതിനു ചുറ്റം ലേശം നീരു വരികയാണെന്ന്. നീരുവന്നു വീർക്കുമ്പോൾ ചുളിവുകൾ കാണുകയില്ല. ബ്യൂട്ടിപാർലറുകളിൽ പോയി മുഖം മിനുക്കുന്നവർ ഇതിനെക്കുറിച്ചു ചിന്തിക്കുന്നതു നന്ന്.

3. ഇത് എഴുതിക്കൊണ്ടിരുന്നപ്പോൾ ഗൾഫ് ദേശത്തുനിന്ന്, സാഹിത്യവാരഫലം വായിക്കുന്ന ശ്രീ: ബാലകൃഷ്ണൻ (അദ്ദേഹത്തിന്റെ മേൽവിലാസം ഇല്ല) അയച്ച Khaleej Times-ന്റെ (Dec 18 1990) ഒരു ഭാഗം കിട്ടി. ദക്ഷിണാഫ്രിക്കൻ നോവലിസ്റ്റുകളായ നഡീൻ ഗോർഡിമർ, ജെ. എം. കുറ്റ്സേ ഇവരുടെ കലാസങ്കല്പങ്ങളെക്കുറിച്ചുള്ള ഒരു പഠനം അതിലുണ്ട്. രണ്ടുപേരുടെയും മതങ്ങൾ ചുരുക്കിയെഴുതാം.

നഡീൻ ഗോർഡിമർ

നഡീൻ ഗോർഡിമർ

സർഗ്ഗാത്മക പ്രവർത്തനം ശുദ്ധമല്ല. ചരിത്രം അതു തെളിയിക്കുന്നു. ഐഡിയോളജി അതാവശ്യപ്പെടുന്നു. ഉത്തരവാദിത്വങ്ങളെ പരിഗണിക്കാതെ ഒരെഴുത്തുകാരന്റെയും കേവല മൂല്യങ്ങൾ നിർണ്ണയിക്കാനാവാത്ത കാലമാണിത്. അലൻ പേറ്റൻ, ഏതൽ ഫ്യൂഗാർഡ് ഇങ്ങനെ രാഷ്ട്രീയ ചായ്‌വുള്ള എഴുത്തുകാരുടെ പാരമ്പര്യത്തിൽപ്പെട്ട നഡീൻ ഗോർഡിമർക്ക്, രാഷ്ട്രീയമായ പ്രതിബദ്ധത സ്വകീയമായ ഉത്തരവാദിത്വം ഈ രണ്ടിൽ നിന്നും കഥാപാത്രങ്ങൾക്കു തിരഞ്ഞെടുക്കലുകൾ നടത്തേണ്ടതായി വരും എന്ന അഭിപ്രായമുണ്ട്.

ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിലെ അംഗമായ നഡീൻ ഗോർഡിമറുടെ വിശ്വാസം നോവലിന് വിനാശശക്തിയുണ്ടെന്നാണ്. വിപ്ലവത്തെ ഭാവനയിലൂടെ ആവിഷ്കരിച്ചാൽ അത് (വിപ്ലവം) ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

ജെ. എം. കുറ്റ്സേ

ജെ. എം. കുറ്റ്സേ

ശാന്തൻ, നരച്ചതാടി, മൂദുലങ്ങളായ കണ്ണുകൾ. ഏകാന്തതയാണ് അദ്ദേഹത്തിനിഷ്ടം. എന്തെങ്കിലും അദ്ദേഹത്തോടു ചോദിച്ചാൽ അനേകം നിമിഷങ്ങൾക്കു ശേഷമേ ഉത്തരം കിട്ടൂ. പ്രതികരണം സമ്പൂർണ്ണമായി സുഘടിതങ്ങളായ വാക്യങ്ങളിലൂടെ ഉണ്ടാവും; അവസാന നിമിഷത്തെ എഡിറ്റിങ്ങ് വേണ്ടിവന്നു എന്ന ചോദ്യകർത്താവിനു തോന്നുന്ന മട്ടിൽ.

നോവലുകൾക്കു സമകാലികസംഭവങ്ങളെ ആവിഷ്കരിക്കാൻ സാധിക്കുമോ എന്ന കുറ്റ്സേക്കു സംശയം. രാഷ്ട്രവ്യവഹാരം നോവലുകൾക്കു വിഷയമാവാൻ പ്രയാസമാണെന്ന് അദ്ദേഹം കരുതുന്നു. വർത്തമാനപ്പത്രങ്ങൾക്കു നേരിട്ടു രാഷ്ട്രവ്യവഹാരത്തോടു ബന്ധമുള്ളപോലെ നോവലിന് ബന്ധമുണ്ടാകാൻ പ്രയാസം. കാരണം നോവലെഴുതാൻ സമയമേറെ വേണം. അതിന്റെ പ്രസിദ്ധീകരണത്തിനും വേണം ധാരാളം സമയം. വളരെക്കുറച്ചാളുകളേ നോവൽ വായിക്കാറുള്ളൂ.



ദുരന്തസംഭവങ്ങൾ ഗോർഡിമറുടെ കഥാപാത്രങ്ങളെ പ്രവർത്തനത്തിലേക്കു നയിക്കുന്നു. കുറ്റ്സേയുടെ കഥാപാത്രങ്ങൾ സംഭവങ്ങളിൽ പ്രതികരിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. കുറ്റ്സേയുടെ Age of Iron എന്ന കൃതി. അർബ്ബുദം പിടിച്ചു മരിച്ചുകൊണ്ടിരിക്കുന്ന Mrs Curren കഥ പറയുകയാണ്. അവരുടെ പരിചാരകന്റെ (അതോ പരിചാരികയുടെയോ) മകൻ പോലിസിന്റെ വെടിയേറ്റു കിടക്കുന്നു. അതുകണ്ട് അവർ പറയുന്നു: It was blood, nothing more. Blood like yours and mine. Yet never before had I seen anything so scarlet and so black. Perhaps it was an effect of the skin, youthful, supple, velvet dark, over which it ran-but on my hands it seemed both darked and more glaring than blood ought to be. I stared at it, fascinated, afraid, drawn into a veritable stupor of staring.

ഖലീജ് റ്റൈംസിൽ എച്ച്. ഇറ്റലി എഴുതിയ ഈ റിപ്പോർട്ട് അസ്സലായിട്ടുണ്ട്. ഇതയച്ച തന്ന സുഹൃത്തിന് നന്ദി.

അന്ന സുജാത മത്തായി

അന്ന സുജാത മത്തായി

The Attic of Night എന്ന ഇംഗ്ലീഷ് കാവ്യസമാഹാരത്തിന്റെ രചയിത്രിയായ ശ്രീമതി അന്ന സുജാത മത്തായി ആരെന്ന് എനിക്കറിഞ്ഞുകൂടാ. ആ ഗ്രന്ഥം പുസ്തകക്കടയിൽ ഇരിക്കുന്നതു കണ്ട് ഞാൻ വാങ്ങിച്ചുവന്നേയുള്ളൂ. വീട്ടിലെത്തിയയുടനെ വായിച്ചുതീർക്കുകയും ചെയ്തു. പ്രായോഗികതലത്തിൽ നിന്ന് ആദർശാത്മകതലത്തിലേക്ക് അനുവാചകനെ ഉയർത്തുന്ന നല്ല കവിതകളാണ് അന്ന സുജാതയുടേത്. ഉരുക്കുസാഗരം. തിളങ്ങുന്ന പാലങ്ങൾ. രാജരഥ്യകളിലൂടെ ഒളിച്ചിന്നിപ്പോകുന്ന കാറുകൾ. ഇരുട്ടിലൂടെ പ്രകാശിക്കുന്ന ദീപങ്ങൾ. ഒരിക്കൽ ആ നഗരത്തിലൂടെ യാത്ര ചെയ്ത കവയിത്രി രാജവീഥിക്കപ്പുറത്ത് സൂര്യൻ അസ്തമിക്കുന്നതു കണ്ടു. നാട്ടിൽ ഇതുപോലെയുള്ള അസ്തമയങ്ങൾ കാണുകയും അദ്ഭുതത്തിനു വിധേയയാകുകയും ചെയ്തിട്ടുണ്ട് അവർ. ഇപ്പോൾ ആ നഗരത്തിലൂടെ സഞ്ചരിച്ചപ്പോൾ സൂര്യൻ അനേകം നിലകളുള്ള കെട്ടിടങ്ങൾക്കു പിറകിൽ അസ്തമിക്കുന്നതു കണ്ടു. ഇത്രയും പ്രായോഗികതലം. ഇനി അനായാസമായി അന്ന സുജാത നമ്മളെ ആദർശാത്മകതലത്തിലേക്കു കൊണ്ടുചെല്ലുന്നതു കാണുക:

> Now-in the crowded car in which I travelled
> You-leaned your head against my shoulder
> and... suddenly... the city was no longer a stranger
> ....
> And deep in the heart of stone
> A flower bloomed.

ഇതുപോലെ ലളിതവും സുന്ദരവുമാണ് ശ്രീമതിയുടെ മറ്റു കാവ്യങ്ങളും. വിശേഷിച്ച് In Tiruvella എന്നത്. The lamps flicker/Across the dark lake എന്ന കവയിത്രി. ഈ കാവ്യദീപങ്ങളും ചഞ്ചലരൂപങ്ങളോട ജ്വലിക്കുന്നു. (Rupa & Co. Rs.40/-)

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.